"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം - പൊതു വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക് ശ്രീമതി.നിഷാ.പി.കൃഷ്ണന് കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1933/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/10/2021

---

പരാമർശം:-

1. സ.ഉ(പി)നം. 05/13/ഉഭപവ, തീയതി 06.02.2013.
2. ശ്രീമതി.നിഷാ.പി.കൃഷ്ണന്റെ 24.06.2021 ലെ അപേക്ഷ.
3. പൊതു വിദ്യാഭ്യാസ വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 23.06.2021ലെ എച്ച് എസ് ഇ/241/21-എഡി എ2 നമ്പർ നടപടി ക്രമം.
4. പഞ്ചായത്ത് ഡയറക്ടറുടെ 10.09.2021ലെ ഇ6- 2034/21 നമ്പർ കത്ത്.

<u>ഉത്തരവ്</u>

പൊതു വിദ്യാഭ്യാസ വകുപ്പ് ആസ്ഥാന കാര്യാലയത്തിലെ ക്ലാർക്ക് ശ്രീമതി.നിഷാ.പി.കൃഷ്ണന് കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിക്കുന്നതിന് പരാമർശം ( 2 ) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം ( 4 ) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 3(viii) ലെ വ്യവസ്ഥകൾ പ്രകാരം ആസ്ഥാന ഒഴിവിൽ നിയമിതനായ ജീവനക്കാരന് 5 വർഷ നിബന്ധനയില്ലാതെ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിയ്ക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഉദ്യോഗസ്ഥയുടെ സേവനം ക്രമവല്ക്കരിച്ചതിന് ശേഷം മാത്രമേ അന്തർവകുപ്പ് സ്ഥലംമാറ്റം അനുവദിക്കാൻ കഴിയുകയുള്ളൂ. ശ്രീമതി.നിഷാ.പി.കൃഷ്ണന്റെ ക്ലാർക്ക് തസ്തികയിലെ സേവനം പരാമർശം (3) പ്രകാരം ക്രമവൽക്കരിച്ചിട്ടുണ്ട്. ടിയാളെ വകുപ്പിൽ നിന്ന് വിടുതൽ ചെയ്യുന്നതിന് തടസ്സമില്ലെന്ന നിരാക്ഷേപ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ പൊതു വിദ്യാഭ്യാസ വകുപ്പിന് മതിയായ ഓഫീസുകൾ നിലവിലില്ല, ഒരു മേഖല ഓഫീസ് മാത്രം ഉള്ളൂ എന്നും അടുത്ത 5 വർഷത്തേക്ക് ഒഴിവുകൾ നിലവിൽ വരില്ല എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ നിന്നുള്ള ആസ്ഥാന ഒഴിവിൽ പൊതു വിദ്യാഭ്യാസ ആസ്ഥാന കാര്യാലയത്തിൽ 28.09.2020 മുതൽ ജോലി നോക്കി വരുന്ന ശ്രീമതി.നിഷാ.പി.കൃഷ്ണന് കണ്ണൂർ ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിലേയ്ക്ക് അന്തർവകുപ്പ് സ്ഥലം മാറ്റം അനുവദിച്ചു ഉത്തരവു പുറപ്പെടുവിക്കുന്നു.

4. ശ്രീമതി.നിഷാ.പി.കൃഷ്ണൻ പഞ്ചായത്ത് വകുപ്പിൽ പ്രൊബേഷൻ പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ശ്രീമതി.നിഷാ.പി.കൃഷ്ണൻ, ക്ലാർക്ക്, പൊതു വിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരം.(പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖാന്തിരം)

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ.ബി.എ & എ) കേരള.

വെബ് ആൻഡ് ന്യൂ മീഡിയ (I&PRD)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (202/ഇപിഎ1/2021/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ